# Mathrubhumi

# 23 August 2018

# Kochi, Relief Camp, Eid Celebration

## ലോകമേ കാണൂ... ഇതാണ് 'വലിയ' പെരുന്നാൾ


**സിറാജ് കാസിം**
കൊച്ചി


► പ്രളയം മൂടിയ വഴികളിൽ എല്ലാം നഷ്ടപ്പെട്ട് ആ ക്യാമ്പിൽ അഭയം പ്രാപിച്ചവർ ജീവിതത്തിൽ ഇതുപോലൊരു പെരുന്നാൾ അനുഭവിച്ചിട്ടുണ്ടാകില്ല. പെരുന്നാൾ നമസ്കാരത്തിനായി ക്യാമ്പിലെ വിശ്വാസികൾ എല്ലാവരും ഒരുമിച്ച് പള്ളിയിലേക്ക്... പെരുന്നാൾ നമസ്കാരത്തിനു ശേഷം വിശ്വാസികൾക്കും അല്ലാത്തവർക്കുമായി ഇമാമിന്റെ നേതൃത്വത്തിൽ പ്രത്യേകം പ്രാർത്ഥന. തിരിച്ചെത്തി എല്ലാവരും ചേർന്ന് ഭക്ഷണം തയ്യാറാക്കൽ. വിശ്വാസികളും അല്ലാത്തവരും തോളോടുതോൾ ചേർന്നിരുന്ന് പെരുന്നാളിന്റെ ഭക്ഷണം കഴിക്കൽ. മതത്തിന്റെ ചിഹ്നങ്ങൾ നോക്കാതെ ക്യാമ്പിലെ എല്ലാവർക്കും പുതുവസ്ത്രം. മതപരമായ വിശ്വാസങ്ങൾക്കപ്പുറം മാനവികതയുടെ പെരുന്നാളായി ബക്രീദിനെ സ്വീകരിച്ച അവരെ കണ്ടപ്പോൾ ഇങ്ങനെ മാത്രമേ പറയാനാകുമായിരുന്നുള്ളൂ. ഇതാണ് ശരിക്കും 'വലിയ പെരുന്നാൾ'.

പ്രളയം മൂടിയ വഴികളിൽനിന്ന് രക്ഷപ്പെട്ടു വന്നവർക്കായി ഒരുക്കിയ ഇടപ്പള്ളി മുസ്‌ലിം ജമാഅത്ത് ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലെ അന്തേവാസികളും നാട്ടുകാരും ചേർന്ന് ഇത്തവണ പെരുന്നാളിനെ അവിസ്മരണീയ ഒരനുഭവമാക്കുകയായിരുന്നു. "വിശ്വാസപരമായി മുസ്‌ലിങ്ങൾ ഈദുൽ ഫിത്തറിനെ ചെറിയ പെരുന്നാൾ എന്നും ബക്രീദിനെ വലിയ പെരുന്നാൾ എന്നുമാണ് വിശേഷിപ്പിക്കാറുള്ളത്. ഇത്തവണ വലിയ പെരുന്നാൾ വന്നണഞ്ഞത് ദുരിതങ്ങളുടെയും സങ്കടങ്ങളുടെയും നടുവിലേക്കായിരുന്നു. അതുകൊണ്ടാണ് പതിവുള്ള രീതികളിൽനിന്ന് മാറി ഇത്തവണ ബക്രീദിനെ ഇങ്ങനെ സ്വീകരിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. നൂറ്റമ്പതോളം കുടുംബങ്ങളിലെ അഞ്ഞൂറിലേറെ അംഗങ്ങളാണ് ഒരാഴ്ചയായി ഈ ക്യാമ്പിൽ കഴിയുന്നത്. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട അവർക്ക് മതപരമായ ചിഹ്നങ്ങൾ നോക്കാതെ പെരുന്നാളിന്റെ പുതുവസ്ത്രങ്ങൾ നൽകി. പെരുന്നാൾ നിസ്കാരത്തിനു ശേഷം ഭക്ഷണം തയ്യാറാക്കിയതും കഴിച്ചതുമൊക്കെ എല്ലാവരും ചേർന്നു തന്നെയായിരുന്നു. ഇത്തവണത്തെ ബക്രീദ് ഇങ്ങനെയാക്കാൻ പള്ളി കമ്മിറ്റിയും നാട്ടുകാരും ഒരേ സ്വരത്തിൽ തീരുമാനമെടുക്കുകയായിരുന്നു. സത്യത്തിൽ ഇപ്പോഴാണ് പെരുന്നാൾ ശരിക്കും 'വലിയ' പെരുന്നാളായത്..." - ഇടപ്പള്ളി മഹല്ല് കമ്മിറ്റി പ്രസിഡന്റ് പി.എച്ച്. അബ്ദുൽ റഷീദും സെക്രട്ടറി റഷീദ് വെളുത്തേടത്തും പറഞ്ഞു.

ക്യാമ്പിലെ അന്തേവാസികളുടെ മനസ്സ് വായിച്ചതുപോലെ ഒപ്പം ചേർന്ന നാട്ടുകാരാണ് ബക്രീദിനെ ഇത്തവണ ഇങ്ങനെയൊരു അനുഭവമാക്കിയതെന്നാണ് ക്യാമ്പ് കോ-ഓർഡിനേറ്റർ പി.എം. ഷമീർ പറഞ്ഞത്. നാട്ടുകാർക്കു പുറമേ യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘവും പോലീസും ഒക്കെ ക്യാമ്പിന്റെ സഹായത്തിനുണ്ടായിരുന്നു. ഇവരെല്ലാം ബക്രീദിനായി ബുധനാഴ്ച ക്യാമ്പിലെത്തിയിരുന്നു.

പ്രവാചകനായ ഇബ്രാഹിമിന്റെ ത്യാഗത്തെ അനുസ്മരിപ്പിക്കുന്ന ബക്രീദിനെ ഇത്തവണ ഇങ്ങനെ സ്വീകരിക്കേണ്ടിയിരുന്നത് സമൂഹം ആവശ്യപ്പെടുന്ന കടമയാണെന്നാണ് പള്ളി ഇമാം മുഹമ്മദ് സലിം ലത്തീഫി പറഞ്ഞത്. നമസ്കാരത്തിനു ശേഷം വിശ്വാസികൾക്കും അല്ലാത്തവർക്കുമായി പ്രത്യേക പ്രാർത്ഥനകളും ഇമാമിന്റെ നേതൃത്വത്തിൽ നടന്നിരുന്നു.

ഒരു പെരുന്നാളിന്റെ അർത്ഥം ജീവിതത്തിൽ ഇതാദ്യമായി മനസ്സിലായത് ഇന്നാണെന്നാണ് ക്യാമ്പിലെ അന്തേവാസികളായ ഏലൂർ വടാത്തലപറമ്പിൽ ഗിരീഷും രാജുവും തങ്കപ്പനുമൊക്കെ പറഞ്ഞത്. ഒരുമിച്ചിരുന്ന് പെരുന്നാൾ ഭക്ഷണം കഴിച്ച മാരിയത്തും ശാന്തയും കൈകൾ കോർത്ത് പറഞ്ഞതും അതു തന്നെയായിരുന്നു...ഇതാണ് ശരിക്കും 'വലിയ പെരുന്നാൾ'.




ഇടപ്പള്ളി ജമാ അത്ത് ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലെ അന്തേവാസികളും നാട്ടുകാരും ഒത്തുചേർന്ന് പെരുന്നാൾ ഭക്ഷണം കഴിക്കുന്നു